# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 254** **26/02/2018-ൽ മറുപടിക്ക്**

### കോളറ പോലുള്ള മഹാമാരികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് നിന്നും തുടച്ചുനീക്കിയ കോളറ പോലുള്ള മഹാമാരികൾ വീണ്ടും തിരിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേർ മരണമടഞ്ഞിട്ടുണ്ട്; | **എ)** | ഈ വർഷം ജനുവരി മുതൽ സ്ഥിരീകരിച്ച കോളറ 3 കേസുകളും സ്ഥിരീകരിക്കാത്ത 6 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോളറ മൂലം ഈ വർഷം ഇതുവരെ ആർക്കുംതന്നെ മരണം സംഭവിച്ചിട്ടില്ല. |
| **ബി)** | പരിസരശുചിത്വത്തിലും ആരോഗ്യപരിപാലനത്തിലും ഉള്ള എന്തെങ്കിലും മാറ്റങ്ങളാണോ ഇത്തരം രോഗങ്ങൾ മടങ്ങിയെത്താൻ കാരണമായിട്ടുള്ളത്; ഇല്ലെങ്കിൽ എന്താണ് ഈ സ്ഥിതി വിശേഷത്തിന് കാരണം; | **ബി)** | പരിസര ശുചീകരണത്തിന്റെ കുറവ്, ആരോഗ്യ ശുചിത്വ പരിപാലനത്തിന്റെ കുറവ്, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ് എന്നിവയും ഇതരസംസ്ഥാന തൊഴിലാളികൾ (Migrant) തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവർക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഇതിനുള്ള കാരണങ്ങളാണ്. |
| **സി)** | കോളറ പടർന്നുപിടിക്കുന്നത് തടയുന്നതിനും അന്യസംസ്ഥാനതൊഴിലാളികൾക്കിടയിൽ ഉൾപ്പെടെ ആരോഗ്യ ബോധവത്ക്കരണം വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | **സി)** | കോളറ പടർന്നുപിടിക്കുന്നത് തടയുന്നതിനും ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ ആരോഗ്യബോധവത്ക്കരണവും മെഡിക്കൽ ക്യാമ്പും നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**